# കേരള സർക്കാർ
## ധനകാര്യ (പ്രിസം) വകുപ്പ്
## <u>പരിപത്രം</u>

നം.55/2020/ധന. തിരുവനന്തപുരം, തീയതി, 25.09.2020

വിഷയം – പെൻഷനർ ഇൻഫർമേഷൻ സിസ്റ്റം (PRISM) – പെൻഷൻ അപേക്ഷ, സേവന പുസ്തകം എന്നിവ യഥാസമയം അക്കൗണ്ടന്റ് ജനറലിനു സമർപ്പിക്കുന്നത് – സംബന്ധിച്ച്.

സൂചന – 1. സ.ഉ(അ)നം.35/2019/ധന തീയതി 25.03.2019.
2. സ.ഉ(അ)നം.55/2019/ധന തീയതി 04.05.2019.
3. അക്കൗണ്ടന്റ് ജനറലിന്റെ 22.07.2020 തീയതിയിലെ PM/2/6-44/20-21/53 നമ്പർ കത്ത്.
4. പരിപത്രം നം.51/2020/ധന. തീയതി 15.09.2020.

സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും പെൻഷൻ അപേക്ഷകൾ ഓൺലൈനായി പരിശോധിച്ച് തീർപ്പാക്കുന്നതിനായി സർക്കാർ പെൻഷനർ ഇൻഫർമേഷൻ സിസ്റ്റം (PRISM) സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുള്ളതും സൂചന (1) പ്രകാരം പ്രസ്തുത സംവിധാനം വിവിധ വകുപ്പുകളിലായി ഇതിനോടകം നടപ്പാക്കിയിട്ടുള്ളതുമാണ്. വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സൂചന (2) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ചില വകുപ്പുകളിൽ നിന്ന് പെൻഷൻ അപേക്ഷകൾ സമർപ്പിക്കുന്നതിലും, പെൻഷൻ അപേക്ഷകൾ സമർപ്പിച്ചാലും സേവന പുസ്തകം യഥാസമയം അക്കൗണ്ടന്റ് ജനറലിനു ലഭ്യമാക്കുന്നതിലും കാലതാമസം ഉണ്ടാകുന്നതായും, ഇത് പെൻഷൻ അപേക്ഷകളുടെ സമയബന്ധിതമായ തീർപ്പാക്കലിനെ ബാധിക്കുന്നതായും സൂചന (3) പ്രകാരം അക്കൗണ്ടന്റ് ജനറൽ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ചുവടെപ്പറയുന്ന കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഭാവിയിലുണ്ടാകുന്ന ശമ്പള വർദ്ധനവിനു കാത്തുനിൽക്കാതെ ജീവനക്കാരൻ വിരമിക്കുന്നതിനു ഒരു വർഷം മുമ്പ് തന്നെ പെൻഷൻ അപേക്ഷ പ്രിസം മുഖേന സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ജീവനക്കാരൻ യഥാസമയം പെൻഷൻ അപേക്ഷ വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും ആയത് സമയബന്ധിതമായി തീർപ്പാക്കിയിട്ടുണ്ടെന്നും

ഉറപ്പുവരുത്തുന്നതിനായി അതത് വകുപ്പിലെ നോഡൽ ഓഫീസർ സൂചന (4) പരിപത്രത്തിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

2. വകുപ്പിൽ ലഭ്യമായ പെൻഷൻ അപേക്ഷകൾ കാലതാമസം കൂടാതെ തന്നെ അക്കൗണ്ടന്റ് ജനറലിനു ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട പെൻഷൻ സാങ്ഷനിംഗ് അതോറിറ്റികൾ സ്വീകരിക്കേണ്ടതാണ്.

3. വിരമിക്കുന്ന ജീവനക്കാരന്റെ പെൻഷൻ അപേക്ഷ പ്രിസം മുഖേന അക്കൗണ്ടന്റ് ജനറലിനു സമർപ്പിക്കുന്ന ദിവസം തന്നെ ടി ജീവനക്കാരന്റെ സേവനപുസ്തകവും സൂചന (2)-ലെ അനുബന്ധം 2 പ്രകാരമുള്ള വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും ബന്ധപ്പെട്ട പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി അക്കൗണ്ടന്റ് ജനറലിനു നൽകേണ്ടതാണ്.

4. പെൻഷൻ അപേക്ഷകളുടെ സമയബന്ധിതമായ തീർപ്പാക്കലിനായി സൂചന (2) ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായും പാലിക്കേണ്ടതാണ്.

**റ്റിങ്കു എസ്. നെൽസൺ**
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് – (1) അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
(2) എല്ലാ ഓഫീസുകൾക്കും, വകുപ്പ് മേധാവികൾക്കും.
(3) എല്ലാ വകുപ്പുകളിലെയും പ്രിസം നോഡൽ ഓഫീസർമാർ.
(4) സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റർ, പ്രിസം.
(5) നോഡൽ ഓഫീസർ, www.finance.kerala.gov.in
(6) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ